പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 382 12.06.2012-ൽ മറുപടിയ്ക്ക്

സമ്പൂർണ്ണ വൈദ്യുതീകരണം.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജെയിംസ് മാത്യു : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) തളിപ്പറമ്പ് നിയോജക മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി യുടെ പുരോഗതി അറിയിക്കാമോ ; | (എ) തളിപ്പറമ്പ് നിയോജക മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി 02-08-10-ന് അംഗീകരിച്ച 3,26,42,885 രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം 2415 പേർക്ക് പുതിയതായി കണക്ഷൻ നൽകാനാണ് ലക്ഷ്യമി ട്ടിരുന്നത്. എം. എൽ. എ ഫണ്ട്, പഞ്ചായത്ത് ഫണ്ടുകൾ എന്നിവയിൽ നിന്നായി 2,37,89,939 രൂപയും ആർ. ജി. ജി. വി. വൈ പദ്ധ തിയിൽ നിന്ന് 11,06,916 രൂപയും ബോർഡിൻെറ തനതു ഫണ്ടിൽ നിന്നും ബാക്കി തുകയും ചെലവഴിക്കാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. ഇതിൽ ഇതുവരെ യായി എം. എൽ. എ ഫണ്ട്, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് ഇവയിൽ നിന്നും ലഭിച്ച 68,75,494 രൂപയും ബോർഡ് ഫണ്ടിൽ നിന്നുള്ള 37,83,302 രൂപയും ഉൾപ്പെടെ 1,06,58,796 രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 45 മീറ്റർ ദൂരം ത്രീ ഫേസ് ലൈനും 42.02 കി. മീറ്റർ ദൂരം സിംഗിൾ ഫേസ് ലൈനും നിർമ്മിച്ച് 1505 വീടുകൾക്ക് വൈദ്യുതി നൽകി. |
| (ബി) ഇതിനകം ഈ മണ്ഡലത്തിൽ എത്ര പഞ്ചായത്തുകളിലെ പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട് ; ഇതിനായി ചെല വഴിച്ച തുകയുടെ വിശദാംശങ്ങൾ, എം. എൽ. എ. ഫണ്ട്, ബോർഡ് വിഹിതം, തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതം എന്നീ ക്രമത്തിൽ അറിയിക്കാമോ ? | (ബി) എം. എൽ. എ ഫണ്ടിൽ നിന്നും 48,22,746 രൂപയും കുറ്റ്യാട്ടൂർ, പരി യാരം, പട്ടുവം, കുറുമാത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ അവരുടെ വിഹിതമായി ലഭ്യമാക്കിയ യഥാക്രമം 7 ലക്ഷം രൂപ, 1,30,900 രൂപ, 1,21,888 രൂപ, 10,99,960 രൂപ വീതവും ചെലവഴിച്ചിട്ടുണ്ട്. ബോർഡ് വിഹിതമായി 37,83,302 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഒരു പഞ്ചായത്തിലും സമ്പൂർണ്ണ വൈദ്യു തീകരണ പ്രവൃത്തികൾ പൂർത്തിയാ യിട്ടില്ല. ആർ. ജി. ജി. വി. വൈ പദ്ധതി പ്രകാരം വൈദ്യുതീകരണ പ്രവൃത്തികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ.